എന്ന ഒരു തോന്നൽ പാവപ്പെട്ടവരെ സംബന്ധിച്ച് ഉണ്ടാകുന്നു. ഇതു സംബന്ധിച്ച് ഗവണ്മെന്റിന് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ? ഗവണ്മെന്റിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ? അങ്ങനെ വരുന്നില്ല, അവരോട് ന്യായമായ രീതിയിലാണ് കാശ് വാങ്ങുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനു വേണ്ടി എന്തെങ്കിലും നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതായ പ്രശ്നം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചൂണ്ടിക്കാണിച്ചത് വച്ചുകൊണ്ട് ഗവണ്മെന്റ് പരിശോധിക്കുന്നതാണ്.

4 (*419) **കൃഷിനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി സഹകരണ മേഖലയിൽ പദ്ധതി**

ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി സഹകരണ മേഖലയിൽ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ, വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ കാർഷിക സമാശ്വാസ പദ്ധതിയുടെ വിശദവിവരം നൽകുമോ;

(സി) ഈ പദ്ധതി പ്രകാരം കൃഷി നശിക്കുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇതിനുള്ള തുക കണ്ടെത്തുന്നതിനായി പുതിയ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പ്രകൃതിക്ഷോഭം നിമിത്തം വ്യാപകമായ വിളനാശം സംഭവിച്ചിട്ടുള്ള സ്ഥലങ്ങളിലെ കൃഷിക്കാർ എടുത്തിട്ടുള്ള സഹകരണ കാർഷിക ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കി മാറ്റുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, കീടങ്ങൾ, വെട്ടുകിളി മുതലായവ നിമിത്തം വ്യാപകമായ വിളനാശം സംഭവിച്ചിട്ടുണ്ടെങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും അംഗങ്ങൾ എടുത്തിട്ടുള്ള ഹ്രസ്വകാല മദ്ധ്യകാല വായ്പകളാക്കി മാറ്റാവുന്നതാണ്. ഇതിനുള്ള ആനുകൂല്യം ലഭിക്കുന്നതിന് പ്രസ്തുത പ്രദേശം പ്രകൃതി ദുരന്തം സംഭവിച്ച പ്രദേശമായി സർക്കാർ പ്രാഖ്യാപിക്കുകയും ഇതിന്റെയടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ വിളനാശം സംബന്ധിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യണം. പ്രാഥമിക കാർഷിക വായ്പ സഹകരണസംഘം ജില്ലാ സഹകരണ ബാങ്ക് വഴി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നബാർഡിന്റെ അംഗീകാരത്തിന് വിധേയമായി കൺവർഷൻ അനുവദിക്കുന്നുണ്ട്.

(ബി) നിലവിൽ ഇത്തരം ഒരു പദ്ധതിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) ഉപചോദ്യം (ബി)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. പി.സി. ജോർജ് : ഹ്രസ്വകാല വായ്പകൾ മദ്ധ്യകാലവായ്പകളാക്കി മാറ്റും എന്നതാണ് ഇതിനകത്ത് കാണുന്ന ആശ്വാസം. അത് വലിയൊരു ആശ്വാസമാണെന്ന് കണക്കാക്കാൻ കഴിയില്ല. ഈ കൃഷിക്കാർ എടുത്തിട്ടുള്ള വായ്പകൾ പലിശയിളവ് ചെയ്തു കൊടുക്കാനുള്ള നിയമം ഉണ്ടാക്കാൻ കഴിയുമോ? എങ്കിൽ അത് വലിയൊരു ആനുകൂല്യമായി കണക്കാക്കാൻ കഴിയും. അങ്ങനെ എന്തെങ്കിലും നടപടിക്രമങ്ങളെപ്പറ്റി ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എസ്. ശർമ്മ : നിർദ്ദേശം നല്ലതാണ്. പക്ഷേ ഇപ്പോൾ ആലോചിച്ചിട്ടില്ല.

ശ്രീ. പി.സി. ജോർജ്ജ് : 1993-ൽ ഒരു പഞ്ചായത്ത് വാർഡിൽ മാത്രം 106 പ്രാവശ്യം ഉരുൾപൊട്ടി. ആ പ്രദേശത്തെ കൃഷി മുഴുവൻ നശിച്ചു. അവരെല്ലാം സഹകരണ ബാങ്കിൽ നിന്നും പണം കടം എടുത്തിട്ടുള്ളവരാണ്. അവർക്ക് ഒരു പൈസ പോലും തിരിച്ചടക്കാൻ കഴിയില്ല. ഉള്ള ആ കല്ലും പ്രദേശം ജപ്തി ചെയ്യാമെന്നല്ലാതെ ബാങ്കിന് ഒന്നും ചെയ്യാൻ കഴിയുകയില്ല. ആ നിലയ്ക്ക് അങ്ങനെ ബുദ്ധിമുട്ടുന്ന ആളുകളെ കടക്കാരായി അപമാനിക്കാതെ അവരുടെ കുടിശ്ശിക എഴുതി ത്തള്ളാൻ എന്തെങ്കിലും നിയമം ഉണ്ടാക്കുന്നതിനെപ്പറ്റി ഗവണ്മെന്റ് ആലോചിക്കുമോ?

ശ്രീ. എസ്. ശർമ്മ : സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത് കൃഷി നടത്തിയതിനുശേഷം നാശനഷ്ടം വരുമ്പോൾ എഴുതി ത്തള്ളുന്ന പ്രശ്നമാണ് ഇവിടെ പറഞ്ഞത്. അവർക്ക് പണം കൊടുക്കുന്നത് പകരം വേറൊരാൾ നിക്ഷേപിച്ചിട്ടാണ്. അപ്പോൾ നിക്ഷേപകർക്ക് പൂർണ്ണമായ സംരക്ഷണം ഉറപ്പു വരുത്തുകയും വേണം. ഈ മേഖലയിൽ ഇത് പ്രായോഗികമാക്കാൻ കഴിയുന്നതല്ല. നിലവിൽ ചെയ്തു വരുന്ന നടപടി ക്രമമാണ്. നബാർഡിന്റെ അനുവാദത്തിന് വിധേയമായി ഒരു കൺവെർഷൻ എന്നത്. വരൾച്ച ബാധിതമോ വെള്ളപ്പൊക്ക ബാധിതമോ ആയ പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചതിനുശേഷം കളക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് ഈ ഹ്രസ്വകാലവായ്പ മദ്ധ്യകാല വായ്പയായി കൊടുക്കുന്നത്. മറ്റ് ഏതെങ്കിലും ഒരു പ്രദേശത്ത് ഒരു അസാധാരണ സാഹചര്യം രൂപപ്പെട്ടാൽ അത് പൊതുവിൽ എങ്ങനെ കൈകാര്യം ചെയ്യണം എന്നുള്ളത് ഗവണ്മെന്റ് ആലോചിച്ച് നിശ്ചയിക്കേണ്ട ഒരു കാര്യമാണ്.

ശ്രീ. മോൻസ് ജോസഫ് : സർ, പ്രകൃതിക്ഷോഭത്തിൽ പെട്ടെന്നുണ്ടാകുന്ന കൃഷി നാശംമൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കുന്നതിനെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. കൃഷിനാശം സംഭവിച്ചു കഴിയുന്ന സന്ദർഭത്തിൽ വീണ്ടും കൃഷി ചെയ്യാൻ മറ്റു മാർഗ്ഗങ്ങളില്ലാതെ വരുന്നതുകൊണ്ട് കൃഷിക്കാർക്ക് കുറഞ്ഞ പലിശയ്ക്ക് അടിയന്തിര വായ്പ കൊടുക്കുന്നതിനു വേണ്ടി ഇപ്പോൾ നടപടി ഇല്ല, അക്കാര്യം നടപ്പിലാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പ അടിയന്തിരമായി ലഭിക്കുന്ന ആവശ്യമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിൽ ഉയർന്നിട്ടുള്ളത്. ശാസ്ത്രീയ ഗ്രൂപ്പ് പദ്ധതിപ്രകാരം വരുന്ന വർഷങ്ങളി

LIBRARY ARCHIVES Kerala Legislative Assembly

ലായി പലിശരഹിത വായ്പ ഈ മേഖലയിൽ കൊടുക്കുന്നതിനാണ് ഗവ ണ്മെന്റ് ആലോചിക്കുകയും, തീരുമാനിക്കുകയും ചെയ്തിട്ടുള്ളത്.

ശ്രീ. മോൻസ് ജോസഫ് : ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുക യാണ്. കൃഷിക്കാർക്ക് ഏറ്റവും വലിയ ആശ്വാസമാണ്, പലിശരഹിത വായ്പ കൃഷിക്കാരുടെ ഏറ്റവും വലിയ ആഗ്രഹമാണ്. അതോടൊപ്പം തന്നെ സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിന്റെ നേതൃത്വത്തിൽ ഇപ്രകാരം അടിയന്തിര വായ്പകൾ നൽകുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ ആവിഷ്ക്ക രിച്ചിട്ടില്ല എന്ന് മനസ്സിലാക്കുന്നു. ഇപ്രകാരമുള്ള വായ്പകൾ ഉണ്ടോ, ഇല്ലെ ങ്കിൽ അങ്ങനെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, കാർഷിക വികസന ബാങ്കിന്റെ നേതൃത്വ ത്തിൽ പലിശ രഹിത വായ്പ ഇപ്പോൾ പ്രാഥമിക കാർഷിക വികസന സെന്ററുകൾ വഴി 12% പലിശയ്ക്കാണ് കൃഷിക്കാർ എടുത്തുവരുന്നത്. പത്തോ, പതിനഞ്ചോ കൃഷിക്കാർ ഒരുമിച്ച്ചേർന്ന് സംഘങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട് വലിയ ട്രാക്ടറോ, യന്ത്രങ്ങളോ വിത്തോ വാങ്ങുന്നതിനോ അല്ലെ ങ്കിൽ മറ്റാവശ്യങ്ങൾക്കൊക്കെയായിട്ടോ ബാങ്കിൽ അപേക്ഷ സമർപ്പിച്ചുകഴി ഞ്ഞാൽ കൊടുക്കുന്ന വായ്പയ്ക്ക് ഇപ്പോൾ 12% പലിശ എന്നുള്ളത് നില വിൽ സ്വാശ്രയ പദ്ധതിപ്രകാരം 9% ആക്കി ചുരുക്കി. അതിൽ 5% പ്രൊഡ ക്ഷൻ ഇൻസെന്റീവായിട്ട് സർക്കാർ കൊടുക്കുന്നതാണ്. 4% അവശേഷിക്കു ന്നത് പലിശരഹിത വായ്പ എന്ന നിലയിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കി ന്റെയും, ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെയും ഫണ്ട് ജില്ലാ ബാങ്കു വഴി കാർഷിക മേഖലയിലെ ഉൽപ്പാദനത്തിനായിട്ട് കൊടുക്കുക എന്നുള്ളതാ ണ്. സ്വാശ്രയാടിസ്ഥാനത്തിൽ ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കുന്ന സംഘ ങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കുക എന്നതാണ് ഉദ്ദേശം.

ഡോ. കെ.സി. ജോസഫ് : സർ, കൃഷിക്കാർ എടുക്കുന്ന വായ്പകൾ പ്രകൃതി ദുരന്തം ഉണ്ടാകുമ്പോൾ ആദ്യം എടുത്ത ഹ്രസ്വകാല വായ്പ മദ്ധ്യ കാല വായ്പ ആക്കുന്നതുകൊണ്ട് ഹ്രസ്വകാല വായ്പ വീണ്ടും എടുക്കുന്ന തിന് കഴിയും എന്നുള്ള ഒരു ഗുണം മാത്രമാണ്. ഇപ്പോൾ ഉള്ളത്. പ്രകൃതി ക്ഷോഭംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന കൃഷിക്കാരെ സഹായിക്കാൻ നബാർഡും, പീനൽ ഇന്ററസ്റ്റ് ഒഴിവാക്കാൻ ജില്ലാ ബാങ്കും വിചാരിച്ചാൽ കഴി യും. അങ്ങനെ പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുകയും, കോംമ്പൗണ്ട് ഇന്ററസ്റ്റ് വാങ്ങുന്നത് ഒഴിവാക്കുവാൻ ജില്ലാ ബാങ്ക് പ്രതിനിധികളെയും, സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രതിനിധികളെയും വിളിച്ചുകൂട്ടി ആ നിലയിലുള്ള ഒരു സഹായം കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തതിനു ശേഷം അത് പരിശോധിക്കാം.

ഡോ. കെ.സി. ജോസഫ് : സർ, നെൽക്കൃഷി പോലുള്ള കൃഷികൾക്ക് ലോൺ ഇൻഷ്വറൻസ് മാത്രമാണ് ഉള്ളത്, അത് വളരെ നാമമാത്രമാണ്, അത് കേന്ദ്രഗവണ്മെന്റിന്റെ പദ്ധതിയുമാണ്. എല്ലാ കൃഷികളും ഇൻഷ്വർ ചെയ്യപ്പെടു ന്നതിന്, പ്രീമിയം അടയ്ക്കുന്നതിന് വൻതുക വേണ്ടിവരും എന്നുള്ളതു കൊണ്ട് കൃഷിക്കാർക്ക് മാത്രം കഴിയില്ല. അതുകൊണ്ട് കൃഷിവകുപ്പ് ത്രിതല പഞ്ചായത്തുകൾ സഹകരണ ബാങ്ക് തുടങ്ങി മൂന്ന് ഏജൻസികളും പങ്കാളിക ളായി കൃഷിക്കാരുടെ പ്രാതിനിധ്യം ഉൾപ്പെടെ നാല് ഏജൻസികളും കൂടി കുറേശ്ശെ പ്രീമിയം അടച്ചു കഴിഞ്ഞാൽ അതുകൊണ്ട് നല്ലൊരു ഇൻഷ്വറൻസ്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നമുക്ക് ഏർപ്പെടുത്താൻ കഴിയും. ത്രിതല പഞ്ചായത്തിൽപ്പെട്ട ആൾക്കാരെയും, കൃഷിവകുപ്പിനെയും, സഹകരണ ബാങ്കിന്റെ ആൾക്കാരെയും കൃഷിക്കാരുടെ പ്രതിനിധികളെയും വിളിച്ചുകൂട്ടി ആ നിലയിലുള്ള വിപുലമായ ഒരു ഇൻഷ്വറൻസ് പദ്ധതി കൃഷിക്കാരെ സഹായിക്കുന്നതിനു വേണ്ടി ഉണ്ടാക്കുന്നതിന് ഗവണ്മെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, നിർദ്ദേശം സ്വാഗതാർഹമാണ്.

ശ്രീ. ടി.എസ്. ജോൺ : നഷ്ടം സംഭവിക്കുന്ന കൃഷിക്കാരുടെ വായ്പ എഴുതിത്തള്ളാൻ നിവൃത്തിയില്ല എന്നു പറഞ്ഞു. എന്നാൽ പ്രളയ ദുരിതാശ്വാസ പദ്ധതിയിൽ നിന്നും നമ്മൾ പണം കൊടുക്കുന്നുണ്ടല്ലോ, അതിൽ നിന്നും പണം ബാങ്കുകൾക്ക് കൊടുത്ത് ഇവരെ സഹായിക്കാൻ വേണ്ടി നടപടി സ്വീകരിക്കുമോ? അതായത് പൂർണ്ണമായി കൃഷി നശിക്കുന്ന ആളുകൾക്ക് ഒരു സഹായവും കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണ് ബാങ്കിനുള്ളത്, എഴുതിത്തള്ളാൻ നിവൃത്തിയില്ല. ആ നിലയ്ക്ക് ഫ്ളഡ് റിലീഫ് ഫണ്ടിൽ നിന്നും ഇങ്ങനെയുള്ള ബാങ്കുകൾക്ക് പണം കൊടുത്തിട്ട് അവർ എടുത്ത കടം എഴുതിത്തള്ളാൻ സഹായകമാക്കുമോ എന്നാണ് ഞാൻ ചോദിച്ചത്?

ശ്രീ. എസ്. ശർമ്മ : സർ, ഫ്ളഡ് വരുന്ന സന്ദർഭത്തിൽ ഓരോ മേഖലയായി തിരിച്ചിട്ട് നാശനഷ്ടം നിശ്ചയിച്ച് ആ മേഖലയ്ക്കായിട്ട് സഹായം നൽകുക എന്ന സംവിധാനമാണ് ഇപ്പോൾ തുടർന്നുവരുന്നത്.

ശ്രീ. ടി.എസ്. ജോൺ : പലിശ കുറവുചെയ്യാനായിട്ട് ഗവണ്മെന്റിന് കഴിയണം, അതായത് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് പലതും ലാഭകരമായിട്ടാണ് നടക്കുന്നത്, എല്ലാവർക്കും പലിശ ഇളവുചെയ്യാൻ ഒക്കുകയില്ല എങ്കിലും ഇങ്ങനെയുള്ള അടിയന്തിര സാഹചര്യങ്ങൾ വരുമ്പോൾ, സമ്പൂർണ്ണമായി കൃഷി നശിക്കുന്ന ഒരു സാഹചര്യമുണ്ടാകുമ്പോൾ അങ്ങനെയുള്ള കൃഷിക്കാർ എടുത്തിട്ടുള്ള കടങ്ങൾക്ക് ഇപ്പോൾ 13%, 12% ഒക്കെ പലിശയാണ് കൊടുക്കേണ്ടിവരുന്നത്. അത് പകുതി പലിശയെങ്കിലും ഇളവുചെയ്യാനുള്ള നടപടികൾ സ്വീകരിക്കുവാൻ ഡയറക്ഷൻ കൊടുത്താൽ മതി.

ശ്രീ. എസ്. ശർമ്മ : അത് പൊതുവിൽ ഒരു പരിശോധന നടത്തിക്കൊണ്ടുമാത്രമേ പറയാൻ കഴിയൂ.

ശ്രീ. എം. മുരളി : നബാർഡ് സംസ്ഥാന കാർഷിക വികസന ബാങ്കിന് നൽകുന്ന കർഷകർക്കായിട്ടുള്ള ധനസഹായം ഏതെല്ലാം പദ്ധതികൾക്കാണ് വിതരണം ചെയ്യുന്നത്? ഹയർ പർച്ചേസിംഗ് ആന്റ് ലീസിംഗ് വ്യവസ്ഥകളിൽ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ നബാർഡ് നൽകുന്ന പണം വാഹനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വിതരണം ചെയ്യുന്ന ഏതെങ്കിലും സ്കീം ഇപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, കാർഷിക വികസന ബാങ്കിന് നബാർഡ് നൽകുന്ന സഹായം പൊതുവിൽ അംഗീകരിച്ചിട്ടുള്ള കാർഷിക മേഖലയുമായി ബന്ധപ്പെട്ടുള്ള വികസന പ്രവർത്തനങ്ങൾക്കുള്ള വായ്പാ സംവിധാനമായിട്ടാണ് ഇപ്പോൾ തുടർന്നുവരുന്നത്.

ശ്രീ. ടി. നാണു മാസ്റ്റർ : സർ, നാശനഷ്ടങ്ങൾ സംഭവിക്കുന്ന കർഷകരെ സംബന്ധിച്ചുള്ള പ്രശ്നങ്ങളുണ്ട്. റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്ന് ഒരു പരിധിവരെ സഹായങ്ങൾ നൽകാനേ സാധിക്കുന്നുള്ളൂ. കാർഷിക മേഖലയുമായി ബന്ധപ്പെട്ടാണ് നമ്മുടെ സഹകരണ മേഖല നിൽക്കുന്നത്. ഈ സാഹചര്യത്തിൽ കാർഷിക നാശങ്ങൾ വരുന്ന ആളുകൾക്ക് ആശ്വാസം നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന് കുറച്ചുകൂടി ഒരു മാറ്റം ആ രംഗത്തുണ്ടാകാൻ, സഹകരണ മേഖലയിലൂടെ ദുരിതാശ്വാസം നൽകുന്നതിനുള്ള ഒരു പ്രത്യേക സ്കീം തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : ഈ മേഖലയുടെ പ്രാധാന്യം കുറച്ചുകാണുന്നില്ല. ജനങ്ങൾ നിക്ഷേപിക്കുന്ന പണം ജനങ്ങൾക്ക് വായ്പയായി നൽകുന്ന ഒരു മേഖല, ആ പ്രാധാന്യം കൂടി പരിഗണിക്കുമ്പോൾ പ്രത്യേകിച്ച് ഏതെങ്കിലും വിധത്തിൽ ഒരു സഹായമായി ഇതെടുക്കാനാവില്ല. പക്ഷേ ഈ മേഖലയിൽ നിക്ഷേപിക്കപ്പെടുന്ന ഫണ്ട് ഏറ്റവും ഫലപ്രദമായി എങ്ങനെ വിനിയോഗിക്കാമെന്ന് ആലോചിച്ച് വിവിധ ഏജൻസികളുടെയും കൂടി സഹായത്തോടുകൂടിയിട്ടാണ് ഇപ്പോൾ കാർഷിക മേഖലയിൽ പലിശ രഹിത വായ്പ എന്ന നിലയിലേയ്ക്ക് സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കപ്പെടുന്നതും, ആലോചിച്ചു വരുന്നതും. വെള്ളപ്പൊക്കവും മറ്റും സംഭവിക്കുന്ന സന്ദർഭത്തിൽ അതാതു സെക്ടറിലെ നഷ്ടത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ഗവണ്മെന്റ് നിശ്ചയിച്ച് റവന്യൂ ഡിപ്പാർട്ടുമെന്റുവഴിയാണ് സഹായം ചെയ്തുവരുന്നത്.

ശ്രീമതി കെ.ആർ. ഗൗരി അമ്മ : ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്നത്, ഹ്രസ്വകാല വായ്പ ഇപ്പോൾ കൊടുത്തിരിക്കുന്നത് മദ്ധ്യകാലവായ്പയോ, അല്ലെങ്കിൽ ദീർഘകാല വായ്പയോ ആക്കിമാറ്റുക എന്നുള്ളതാണ്. ഗവണ്മെന്റ് അതെങ്കിലും ഈ വെള്ളപ്പൊക്കക്കെടുതി അനുഭവിക്കുന്നവർക്ക് ചെയ്യാൻ തയ്യാറാകുമോ? നബാർഡിന്റെയോ, റിസർവ് ബാങ്കിന്റെയോ അനുവാദമില്ലാതെ ചെയ്യാൻ കഴിയുന്നത് സാധാരണ കൃഷിയിറക്കാൻ വാങ്ങുന്ന ഹ്രസ്വകാല വായ്പയുടെ കാര്യത്തിലാണ്.

ശ്രീ. എസ്. ശർമ്മ : ഹ്രസ്വകാല വായ്പ, മദ്ധ്യകാല വായ്പയാക്കികൊടുക്കുന്നതിന് വെള്ളപ്പൊക്ക ബാധിത മേഖല എന്നോ, വരൾച്ച ബാധിത മേഖല എന്നോ ഗവണ്മെന്റ് പ്രഖ്യാപിച്ചതിനുശേഷം കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഒരു തീരുമാനമെടുക്കുന്നത്. അതും നബാർഡിന്റെ അംഗീകാരത്തിന് വിധേയമായിട്ട് മാത്രമേ ഈ ഒരു കൺവർഷൻ നടക്കുകയുള്ളൂ. നിലവിലുള്ളതാണ് ഞാൻ ഇപ്പോൾ പറഞ്ഞത്.

ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ : സർ, നെൽപ്പാടശേഖരങ്ങൾക്ക് മിനിമം ഗ്യാരന്റിയിലാണ് വൈദ്യുതി കൊടുത്തുകൊണ്ടിരിക്കുന്നത്. അത് അവർക്ക് താങ്ങാൻ ആകുന്നില്ല, വളരെയധികം കുടിശ്ശികയും വരുന്നു. അതുകൊണ്ട് ഈ മിനിമം ഗ്യാരന്റിക്കാലത്ത് അവർ ഉപയോഗിച്ച കറണ്ടിന്റെ പണം മാത്രം വാങ്ങി മറ്റ് കുടിശ്ശികയിൽ ഇളവുചെയ്യുന്ന കാര്യം ഗവണ്മെന്റ് പരിശോധിക്കുമോ? പൊക്കാളി പാടശേഖരക്കാരൊക്കെ വല്ലാത്ത ബുദ്ധിമുട്ടിലാണ്. അതുകൊണ്ടാണ്.

ശ്രീ. എസ്. ശർമ്മ : സർ , ഉപയോഗിച്ച കറണ്ടിന്റെ അല്ലാതെ വേറെ വാങ്ങുന്നതായിട്ടാണ്. ഇതിൽ പെട്ടതല്ല ചോദ്യം എങ്കിലും വൈദ്യുതി ഇളവിന്റെ കാര്യമാണ്. പ്രത്യേകമായി ഒരു നോട്ടീസ് തന്നാൽ എന്താണെന്നുള്ളത് ഒരു പരിശോധന നടത്താം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly